4

# തിരഞ്ഞെടുക്കപ്പെട്ടു

## (1:3, 4)

കുറെ കാലം മുൻപു, ഫ്ളോറിഡയിലെ പടിഞ്ഞാറെ പാം ബീച്ചിൽ, 71 വയസ്സുണ്ടായിരുന്ന സ്ത്രീ മരിച്ചു. മരണകാരണം പോഷകാഹാരക്കുറവായിരുന്നു എന്നാണ് ദുർമ്മരണ വിചാരണാധികാരി രേഖപ്പെടുത്തിയത്. മരണസമയത്തു ആ സ്ത്രീക്കു അമ്പതു പൗണ്ടു മാത്രമേ തൂക്കം ഉണ്ടായിരുന്നുള്ളൂ.

അവർ ബുദ്ധിമുട്ടി ജീവിച്ചിരുന്നതായാണ് കാണപ്പെട്ടത്. അവളുടെ വീട് അഴുക്കു നിറഞ്ഞു അലങ്കോലപ്പെട്ടു കിടക്കുന്നതായിട്ടാണ് അധികാരികൾ കണ്ടത്. അവൾ അയൽക്കാരുടെ വീടുകളിൽ ആഹാരത്തിനു പലപ്പോഴും യാചിക്കുവാൻ പോയിരുന്നതായി അവർ പറയുകയുണ്ടായി. അവൾക്കു ഒരു ജീവകാരുണ്യ സംഘടനയിൽ നിന്നു ഉപയോഗിച്ച വസ്ത്രങ്ങൾ ലഭിച്ചിരുന്നതായിട്ടാണ് അവർ അറിഞ്ഞിരുന്നത്. ദരിദ്രയായ സ്ത്രീ തന്റെ പ്രയാസമുള്ള ജീവിതയാത്രയുടെ അവസാനത്തിൽ എത്തിയതായിട്ടാണ് തോന്നിയത്.

ആ വീടു പരിശോധിക്കുന്നതിനിടയിൽ, അലങ്കോലപ്പെട്ടു കിടന്ന വസ്തുക്കൾക്കുള്ളിൽ രണ്ടു താക്കോലുകൾ പോലീസ് കണ്ടെടുത്തു. പ്രാദേശിക ബാങ്കിലെ രണ്ടു ലോക്കറുകളുടെ താക്കോലുകൾ ആയിരുന്നു അവ. അധികാരികൾ പോയി ഒരു ലോക്കർ തുറന്നപ്പോൾ, എഴുന്നൂറിൽ കൂടുതൽ വിലപിടിപ്പുള്ള ഷെയർ സർട്ടിഫിക്കറ്റുകളും രേഖകളും കണ്ടെത്തുകയും, അവയോടൊപ്പം $200,000 പണമായും ഉണ്ടായിരുന്നു. രണ്ടാമത്തെ ലോക്കർ തുറന്നപ്പോൾ – $600,000 ക്യാഷ് മാത്രം ഉണ്ടായിരുന്നു. ആ സ്ത്രീയുടെ എസ്റ്റേറ്റിന്റെ വില $1,000,000 ലധികമുണ്ടായിരുന്നു എങ്കിലും, അവർ ആഹാരത്തിനായി യാചിക്കയും, മറ്റൊരാൾ ഉപയോഗിച്ച വസ്ത്രങ്ങൾ ധരിക്കയും, പോഷകാഹാര കുറവു കൊണ്ടു മരിക്കയും ചെയ്തു![1]

ഫ്ളോറിഡയിലെ ആ സ്ത്രീ ഭൗതികമായ തന്റെ സമ്പാദ്യം ഉപയോഗിക്കാതിരുന്നതുപോലെ ആത്മിയമായ വിഭവങ്ങൾ ഉപയോഗിക്കുന്നതിൽ പുറകോട്ടു പോയ ക്രിസ്ത്യാനികൾക്ക് ആയിരുന്നു പൗലൊസ് എഫെസ്യ ലേഖനം എഴുതിയത് – അതായത് അവർ അതു നല്ല രീതിയിൽ ഉപയോഗിക്കുന്നതിൽ പരാജയപ്പെട്ടു. അതേ തെറ്റ് ഇന്നത്തെ ക്രിസ്ത്യാനികൾക്കും സംഭവിക്കാം. ക്രിസ്തുവിൽ നമുക്കു ധാരാളം സമ്പാദ്യങ്ങളുണ്ട്, അതുകൊണ്ടു ഒരു ക്രിസ്ത്യാനിയും ആത്മിയമായി പോഷകക്കുറവുള്ളവരാകുകയോ സ്വയം പാഴാക്കി കളയുകയോ ചെയ്യരുത്. ദൈവം നല്കിയിരിക്കുന്നതു നാം നന്നായി ഉപയോഗിക്കുക മാത്രം വേണം.

ദൈവത്തിന്റെ സ്വർഗ്ഗീയ വിഭവങ്ങൾക്കു പരിധിയില്ലെന്നു എഫെസ്യ ലേഖനം ഉറപ്പിക്കുന്നു. ക്രിസ്ത്യാനികൾ നശിപ്പിക്കപ്പെടേണ്ടവരല്ല എന്നു ഈ ലേഖനം പറയുന്നു. ദൈവത്തിന്റെ മക്കൾ എന്ന നിലയിൽ, നമുക്കു ലഭിക്കുന്ന വിഭവങ്ങൾ നമ്മെ ക്രിസ്തുവിൽ സമ്പന്നമാക്കുന്നു. പൗലൊസ് അവയെ വിശദമാക്കിയത് "താൻ ധാരാളമായി കാണിച്ച കൃപാധനപ്രകാരം, സകല ജ്ഞാനവും വിവേകവുമായി നല്കിയിരിക്കുന്നു" (1:7, 8).

ക്രിസ്ത്യാനികൾക്കുള്ള ദൈവ സമ്പത്തിന്റെ വസ്തുവിവരപട്ടിക എഫെസ്യർ 1:3–14 വരെ നല്കുന്നുണ്ട്. മൂല ഗ്രീക്കിൽ, വാക്യം 3 മുതൽ 14 വരെ ദീർഘമായ, ഒരു വാചകത്തിലാണ് പറഞ്ഞിരിക്കുന്നത്. അതിൽ വിജയ ത്തോടെ ദൈവത്തെ സ്തുതിക്കുന്നതും, ഭൂതകാലത്തെയും (വാ. 3–6), വർത്തമാനകാലത്തെയും (വാ. 6–11), ഭാവിയിലേക്കും ഉള്ളത് (വാ. 12–14) അതിൽ ഉൾപ്പെടുന്നു.

പൗലൊസ് അത്യാഹ്ലാദപൂർവ്വം സ്തുതിക്കുവാൻ ആഹ്വാനം ചെയ്യുന്ന രണ്ടു വാക്യങ്ങൾ നമുക്കു പരിശോധിക്കാം:

> സ്വർഗ്ഗത്തിലെ സകല ആത്മികാനുഗ്രഹത്താലും നമ്മെ ക്രിസ്തുവിൽ അനുഗ്രഹിച്ചിരിക്കുന്ന, നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും പിതാവുമായവൻ വാഴ്ത്തപ്പെട്ടവൻ, നാം തന്റെ സന്നിധിയിൽ വിശുദ്ധരും നിഷ്ക്കളങ്കരും ആകേണ്ടതിനു, അവൻ ലോകസ്ഥാപനത്തിനു മുമ്പെ നമ്മെ അവനിൽ തിരഞ്ഞെടുക്കയും ചെയ്തു. ... (1:3, 4).

വേദഭാഗം കാലവ്യത്യാസമില്ലാത്ത സത്യത്തെ എടുത്തു കാണിക്കുന്നു: *ക്രിസ്തുയേശുവിലുള്ളവർക്കു എല്ലാ സാധ്യമായ ആത്മിയാനുഗ്രഹങ്ങളും ദൈവം നല്കുന്നു.* നിങ്ങൾക്ക് ക്രിസ്തുവിൽ എന്തുണ്ട്? നിങ്ങൾക്ക് ദൈവ ത്തിനു നല്കുവാനുള്ളതെല്ലാമുണ്ട്!

### താൻ സ്വയമായി തിരഞ്ഞെടുത്തുകൊണ്ട് ദൈവം അനുഗ്രഹങ്ങൾ നല്കുന്നു

ക്രിസ്ത്യാനികൾ ദൈവത്തെ വാഴ്ത്തുവാനാണ് പൗലൊസിന്റെ വാക്കു കൾ സൂചിപ്പിക്കുന്നത്: "സ്വർഗ്ഗത്തിലെ സകല ആത്മികാനുഗ്രഹത്താലും നമ്മെ ക്രിസ്തുവിൽ അനുഗ്രഹിച്ചിരിക്കുന്ന, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ ദൈവവും പിതാവുമായവൻ വാഴ്ത്തപ്പെട്ടവൻ, അതു ലോക സ്ഥാപനത്തിനു മുമ്പെ നമ്മെ അവനിൽ *തിരഞ്ഞെടുക്കുക*യും[2] ചെയ്തു, ...'' (വാക്യം 3, 4; എംഫസിസ് മൈൻ). അക്ഷരികമായി, "സ്വർഗ്ഗത്തിൽ" ഉണ്ടാ യിരുന്ന സ്നേഹവും സമ്പത്തും, ലോക സ്ഥാപനത്തിനു മുൻപു തന്നെ ക്രിസ്ത്യാനികൾക്ക് നല്കുവാൻ, ദൈവം തീരുമാനിച്ചിരുന്നു. ദൈവ സ്വഭാ വമാണ് മറ്റുള്ളവരെ സ്നേഹിക്കുവാനും അവന്റെ സമ്പത്ത് അവരുമായി പങ്കിടുവാനും കാരണമാക്കിയത്.

തന്റെ സ്വന്തം സാദൃശത്തിൽ പുത്രന്മാരെയും പുത്രിമാരെയും സൃഷ്ടി ക്കുവാൻ ദൈവം സ്വയമായി തിരഞ്ഞെടുത്ത് തീരുമാനിച്ചിരുന്നു. അവർ അവനോടു കൂടെ ജീവിതം ആസ്വദിക്കുവാനും, അവനെ സ്നേഹിക്കുവാ നും, അവന്റെ ഭവനം പങ്കിടുവാനും, അവന്റെ നാമത്തെ വാഴ്ത്തുവാനും ഉള്ള കഴിവു അവൻ അവർക്ക് കൊടുത്തു. ദൈവം തന്റെ പദ്ധതി ആദ്യം

സ്വർഗ്ഗരാജ്യത്തെ അറിയിച്ചപ്പോഴുണ്ടായ പ്രതികരണത്തെ ഊഹിക്കുവാൻ സഹായിക്കുന്നതാണ് ഡബ്ളിയു. ഫിലിപ്പ് കെല്ലറുടെ ഈ വിശദീകരണം:

> മനുഷ്യരായ നമുക്കു വിലയിരുത്താവുന്നതിൽ, ഏറ്റവും വലിയ സാഹസമായ ആശയമായിരുന്നു ദൈവത്തിന്റെ കൃപാസനത്തിനു ചുറ്റുമുള്ള കൂടിയാലോചനയിൽ ഉയർന്നു വന്നത്. ആ ഒരു പദ്ധതിയെ കുറിച്ചു ആദ്യം കേട്ടപ്പോൾ തന്നെ നിത്യതയുടെ എല്ലാ ഭാഗത്തേക്കും ആവേശത്തിന്റെ വലിയ ഒരു ഇരമ്പൽ ഉണ്ടായിക്കാണും. ദൂതന്മാരിൽ ആരും അല്ലെങ്കിൽ മറ്റു സേവകാത്മാക്കളിൽ ആരും തന്നെ സ്വപ്നത്തിൽ പോലും ഞെട്ടിക്കുന്ന ഈ പദ്ധതി കണ്ടിരിക്കയില്ല.
>
> ദൈവം തന്നെ പ്രത്യുൽപ്പാദിപ്പിക്കുവാൻ തീരുമാനിക്കുകയായിരുന്നു.
>
> അവൻ തന്നെ പോലെയുള്ള മറ്റുള്ളവർക്കു പുത്രത്വം കൊണ്ടുവരുന്നു.
>
> അവൻ തന്റെ സ്വർഗ്ഗീയ ഭവനത്തിൽ തന്റെ സ്വഭാവത്തിൽ രൂപപ്പെടുത്തിയ സ്വതന്ത്ര ചിന്താഗതിയുള്ളവരെക്കൊണ്ട് തന്റെ ഭവനത്തിൽ ജനസംഖ്യ വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചു.
>
> അവർ അവകാശികളും ക്രിസ്തുവിനോടുകൂടെ കൂട്ടവകാശികളും ആകുമ്പോൾ, അവന്റെ പുത്രൻ, നിത്യതയിൽ പരമാനന്ദം കൊണ്ട് പുളകിതനാകും.
>
> ഈ ചിന്ത ദൈവപുത്രനു വളരെയധികം സന്തോഷം ഉണ്ടാക്കുന്നതാകാം. ഇനി തന്നോടുകൂടെ നിത്യത സന്തോഷപ്രദമായി ചിലവിടുവാൻ സഹോദരന്മാരും സഹോദരിമാരും ഉണ്ടാകും. ഇനി അവൻ ഏകപുത്രൻ മാത്രമായിരിക്കയില്ല. അതൊരു വെല്ലുവിളി ഉയർത്തുന്ന പരിശ്രമമാണ്. ആ പദ്ധതി വഹിച്ചു പൂർത്തിയാക്കേണ്ട ഉത്തരവാദിത്വം അവനാണ്.[3]

ദൈവം സൗജന്യമായിട്ടാണ് പുത്രന്മാരെയും പുത്രിമാരെയും തിരഞ്ഞെടുക്കുന്നത്. ക്രിസ്തുവിൽ തന്റെ മക്കളാക്കുവാൻ വേണ്ടി ദൈവം നമ്മെ തിരഞ്ഞെടുത്ത ആശ്രമത്തോട് നാം എന്താണ് ചെയ്യേണ്ടത്?

*കുറവായതിനുവേണ്ടി നമുക്കു വഴങ്ങാൻ കഴിയും.* നമ്മുടെ ധാരണ മാറ്റി ദൈവം ആഗ്രഹിക്കുന്നതു പോലെ നമുക്ക് അവന്റെ മക്കളാകാം. വാസ്തവത്തിൽ, മിക്ക ആളുകളും, ഇതു ചെയ്യുന്നുണ്ട്. ആദർ സി. എസ്. ലൂയിസ് അങ്ങനെ ചെയ്തു. വർഷങ്ങളോളം ലൂയിസ് ഒരു നിരീശ്വരവാദി ആയിരുന്നു. ആ ഇംഗ്ലീഷ് പ്രൊഫസർ തന്റെ ജീവിതത്തിൽ ദൈവത്തിനു സ്ഥാനം കൊടുത്തില്ല. ജീവിതത്തിന്റെ അവസാനകാലത്ത്, അയാൾക്ക് മാറ്റമുണ്ടായി. അയാൾ ഒരു വിശ്വാസി ആയിത്തീർന്നുകൊണ്ട് കുറവായതിനു വേണ്ടി വഴങ്ങിയ ഒരാളുടെ കാഴ്ച്ചപ്പാടോടെ എഴുതി:

> നാം അര – മനസ്സുള്ള ജന്തുക്കളാണ്, ഒഴിവുള്ള ദിവസം കടൽക്കര നല്കുന്ന ആസ്വാദനം എന്തെന്നു ഊഹിക്കുവാൻ കഴിയാത്ത ഒരു കുട്ടി മണ്ണിൽ കുടിൽ ഉണ്ടാക്കി കളിക്കുന്നതുപോലെ, അതിരില്ലാത്ത സന്തോഷം വാഗ്ദാനം ചെയ്യുമ്പോൾ നാം ആഗ്രഹങ്ങളുടേയും സെക്സിന്റേയും മദ്യപാനത്തിന്റേയും പുറകെ വിഡ്ഢികളായി പോകും. നാം വളരെ അകന്നു എളുപ്പത്തിൽ പ്രസാദിക്കുന്നവരാകുന്നു.[4]

ദൈവം സ്വർഗ്ഗകവാടം തുറന്നു പുത്രന്മാരെയും പുത്രിമാരെയും പ്രവേശിപ്പിക്കുവാൻ ആഗ്രഹിക്കുന്നു. തിരഞ്ഞെടുപ്പു നമുക്ക് നല്കിയിരിക്കുന്നു; നമുക്കു കുറവായതിനു വഴങ്ങുവാൻ കഴിയും. പലരും ചെയ്യുന്നുണ്ട്.

*നേരെമറിച്ചു, ദൈവത്തിന്റെ ഏറ്റവും നല്ലതു നമുക്കു സ്വീകരിക്കുവാൻ കഴിയും.* അവന്റെ ഉദ്ദേശം നമ്മെ അവന്റെ മക്കളാക്കി ദത്തെടുത്ത്, അവന്റെ സമ്പത്തിന്റെ അവകാശം നമുക്കു തരുവാനും, അവന്റെ രൂപത്തോടു അനുരൂപപ്പെടുവാനും, സ്വർഗ്ഗത്തിൽ നിത്യജീവൻ നമുക്കു പങ്കിടുവാനുമാണ്.

ഒരു നിമിഷം ചിന്തിക്കുക. ഇതിലെല്ലാം നിങ്ങൾ എവിടെയാണ്? നിങ്ങൾ കുറവായതിനു വഴങ്ങുന്നുണ്ടോ? ദൈവം നിങ്ങളെ അവന്റെ മകനാകുവാൻ തിരഞ്ഞെടുത്തതും സ്വർഗ്ഗീയ സമ്പത്ത് നിങ്ങളുമായി പങ്കിടുവാൻ ദൈവം തീരുമാനിക്കുന്നു എന്നതും നിങ്ങളെ വിസ്മയിപ്പിക്കുന്നതല്ലേ? അതു നിങ്ങളുടെ ജീവിതത്തിൽ സംഭവിക്കുവാൻ നിങ്ങൾ ആഗ്രഹിക്കുന്നില്ലേ?

### താൻ ഇച്ഛിക്കുന്നതുപോലെയാണ്<br>ദൈവം തന്റെ അനുഗ്രഹങ്ങൾ നമുക്ക് തരുന്നത്

"ക്രിസ്തുവിൽ" സകല ആത്മിയാനുഗ്രഹങ്ങളും ദൈവം നമുക്കു തരുന്നു. എഫെസ്യ ലേഖനത്തിൽ "ക്രിസ്തുവിൽ"[5] എന്നോ അതിനു തുല്യമായ പ്രയോഗമോ ഇരുപത് പ്രാവശ്യത്തിലധികം കാണുന്നുണ്ട്. ഈ പ്രാരംഭ വാക്യങ്ങളിൽ പൗലൊസ് അതു മുഖ്യമായി ഉപയോഗിച്ചിട്ടുണ്ട്:

ക്രിസ്തുവിൽ വിശ്വസ്ഥരായവർ (വാ. 1).
ക്രിസ്തുവിൽ സകല ആത്മിയാനുഗ്രഹങ്ങളും (വാ. 3).
ക്രിസ്തുവിൽ നാം വിശുദ്ധരും നിഷ്ക്കളങ്കരും ആകുന്നു (വാ. 4).
ക്രിസ്തുവിൽ കൃപാമഹത്വം സൗജന്യമായി നല്കുന്നു (വാ. 6).
ക്രിസ്തുവിൽ പാപങ്ങളുടെ മോചനം എന്ന വീണ്ടെടുപ്പുമുണ്ട് (വാ. 7).
ക്രിസ്തുവിൽ നാം തിരഞ്ഞെടുക്കപ്പെടുന്നു (വാ. 9).
ക്രിസ്തുവിൽ അവകാശത്തിന്റെ അച്ചാരമായ, പരിശുദ്ധാത്മാവിനാൽ, നാം മുദ്രയിടപ്പെട്ടിരിക്കുന്നു (വാ. 13).

ക്രിസ്തുവിൽ ആകേണ്ടതിന്റെ പ്രാധാന്യമാണ് ഈ പ്രസ്താവനകൾ സൂചിപ്പിക്കുന്നത്.

നമുക്ക് അറിയാമായിരുന്ന ചിലതുമായി നാം താരതമ്യം ചെയ്തിരുന്നെങ്കിൽ ക്രിസ്തുവിൽ ആയി തീരുന്നതിനെ നാം അഭിനന്ദിക്കുമായിരുന്നു. "ക്രിസ്തുവിൽ" എന്ന വാക്കിനു പകരം നമുക്കു "ഭവനത്തിൽ" എന്നാക്കി നോക്കാം. നിങ്ങൾ ഒരു ഭവനത്തിലുള്ള ആളാണെങ്കിൽ, അതു ഒന്നുകിൽ ജനനത്താൽ അല്ലെങ്കിൽ വിവാഹത്താൽ അല്ലെങ്കിൽ ദത്തെടുക്കൽ കൊണ്ടാകാം, അത് എന്താണ് അർത്ഥമാക്കുന്നത്?

നിങ്ങൾ "ഭവനത്തിൽ," ആണെങ്കിൽ നിങ്ങൾക്ക് ചില നേട്ടങ്ങൾ ഉണ്ട്. എന്റെ വീടിന്റെ വാതില്ക്കൽ എത്തുമ്പോൾ, "ആർ എന്നെ അകത്തു പ്രവേശിപ്പിക്കും?"എന്ന്, ആരും ചോദിക്കുകയില്ല. എന്റെ ഭാര്യ, സാലി, അപരിചിതനെ പോലെ എന്നോടു പെരുമാറുകയില്ല. എന്റെ മകൻ എന്നെ വാതിലിനു പുറത്തേക്കു തള്ളുകയില്ല. എന്റെ മകൾ പോലീസിനെ വിളിക്കുകയില്ല. ഞാൻ കുടുംബത്തിൽ പെട്ടവനായതുകൊണ്ട് ഞാൻ ആ വീട്ടിലുള്ള

വനാണെന്നു അവർക്കെല്ലാം അറിയാം. കുടുംബത്തിന്റെ ഭാഗമാകുന്നതു കൊണ്ടാണ് പ്രതീക്ഷകളും, ഉത്തരവാദിത്വങ്ങളും, നേട്ടങ്ങളും ഉള്ളത്.

"ക്രിസ്തുവിൽ" ആകുക എന്നാൽ നിങ്ങൾ അവനുള്ളവൻ എന്നാണർത്ഥം. നിങ്ങൾ അവനോടു ചേർന്നിരിക്കുന്നു. അപ്പോൾ ക്രിസ്തുവിൽ ഉള്ള എല്ലാ നേട്ടങ്ങളും, ഉത്തരവാദിത്വങ്ങളും, പ്രതീക്ഷകളും നിങ്ങളുടേതാകുന്നു. അവന്റെ രാജ്യത്തിൽ ദൈവം നിങ്ങൾക്കു ഒരു സ്ഥാനം തരുമ്പോൾ സ്വർഗ്ഗത്തിന്റെ ഇടനാഴി വഴി ഷോക്ക് വേവ്സ് അയക്കുകയില്ല. ക്രിസ്തുവിൽ ആകുമ്പോൾ ലഭിക്കുകയാണ് അത്. ദൈവം തന്റെ ആത്മാവിനെ നിങ്ങളിൽ അയക്കുമ്പോൾ ദൂതന്മാർ മോഹാലസ്യപ്പെടാറില്ല. ക്രിസ്തുവിൽ ആകുമ്പോൾ ലഭിക്കുകയാണ് അത്. ദൈവം നമ്മുടെ പാപങ്ങൾ ക്ഷമിക്കുമ്പോൾ ആർക്കും തടയുവാൻ സാധ്യമല്ല. ക്രിസ്തുവിൽ ആകുമ്പോൾ ലഭിക്കുകയാണ് അത്.

നിങ്ങൾ ഈ ഭൂമിയിലെ ജീവിതം വിട്ടുപോകുമ്പോൾ, നിങ്ങൾക്കു ദൈവത്തിന്റെ നിത്യഭവനം തരുമ്പോൾ ഒരു സ്വർഗ്ഗീയ ജീവിയും അതിശയിക്കുകയില്ല. അതു ക്രിസ്തുവിൽ ആയതുകൊണ്ടു നിങ്ങൾക്കു ലഭിക്കുന്നതാണ്. ക്രിസ്തുവിൽ നിങ്ങൾക്ക് പാപങ്ങളുടെ മോചനവും, ദൈവമകനായി ദത്തെടുക്കപ്പെടുകയും, പരിശുദ്ധാത്മാവു എന്ന ദാനവും, നിത്യജീവന്റെ പ്രത്യാശയും, വിശുദ്ധിയും, നീതിയും, നന്മയും, മഹത്വവും, ശക്തിയും, ദീർഘക്ഷമയും, സമാധാനവും, അധികാരവും, ദൈവത്തിന്റെ മറ്റെല്ലാ സമ്പത്തും ലഭിക്കും. ഈ നേട്ടങ്ങളെല്ലാം തികച്ചും അത്ഭുതാവഹമാണ്, അല്ലേ? ഒരു വ്യക്തി ക്രിസ്തുവിൽ ആകുമ്പോൾ കൈവശമാക്കുന്നതു വർണ്ണനാതീതമത്രെ!

ക്രിസ്തുവിൽ ഉള്ളതെല്ലാം കൈവശമാക്കുവാൻ എനിക്കു കഴിയുമെങ്കിൽ, എന്തുകൊണ്ട് ഞാൻ ചിലപ്പോൾ കുറ്റബോധവുമായി മല്ലിടുന്നു? എന്തുകൊണ്ടു എനിക്ക് ഞാൻ വിശുദ്ധൻ, നീതിമാൻ, അല്ലെങ്കിൽ നല്ലവൻ എന്നു തോന്നുന്നില്ല? എന്തുകൊണ്ട് ചില മേഖലയിൽ ഞാൻ ബലഹീനനാകുന്നു? എന്തുകൊണ്ട് ഞാൻ ഇപ്പോഴും പാപം ചെയ്യുന്നു? ഞാൻ ദൈവമകനാണെന്നു തിരുവെഴുത്തു പറയുന്നു, എന്നാൽ തീർച്ചയായും എല്ലാ സമയത്തും ഞാൻ അതുപോലെയല്ല പ്രവർത്തിക്കുന്നത്. എനിക്കു പലപ്പോഴും "സ്വാർത്ഥ ചിന്തയാണ്" മുന്നിട്ടു നില്ക്കുന്നത്. ഞാൻ എന്നെ ഉയർത്തുകയും മറ്റുള്ളവരെ താഴ്ത്തുകയും ചെയ്യുന്നു.

അടുത്ത സമയത്ത്, ധാരാളം പുരുഷന്മാരുമായി ഞാൻ ഗ്രൂപ്പ് ബൈബിൾ പഠനം പങ്കിടുകയുണ്ടായി. നമ്മെക്കുറിച്ചുള്ള ഈ ചോദ്യങ്ങളും വിചാരങ്ങളും ഞങ്ങൾ എല്ലാവരും ഉന്നയിക്കുകയും പ്രകടിപ്പിക്കയും ചെയ്തു. ഈ ഒരു ചിന്ത അനേകം ക്രിസ്ത്യാനികളെ അലട്ടുന്നു എന്ന തീർപ്പിലാണ് ഞങ്ങൾ എത്തിച്ചേർന്നത്: "എന്നിൽ എന്തോ കുഴപ്പം ഉണ്ട്. ക്രിസ്ത്യാനിത്വം എന്നുള്ളത് മറ്റുള്ളവർക്കു വേണ്ടിയുള്ളതായി ഞാൻ കാണുന്നു, പക്ഷെ എന്റെ കർത്താവിനോടൊപ്പമുള്ള നടപ്പിൽ സ്ഥിരത വളർത്തിയെടുക്കുവാൻ കഴിയുന്നില്ലെന്നു തോന്നുന്നു."

അത്തരം ചോദ്യങ്ങൾ സ്വയം ചോദിക്കാറുള്ള മിക്ക ക്രിസ്ത്യാനികളിൽ, മൂപ്പന്മാരും, രക്ഷകർത്താക്കളും, കൂടാതെ വർഷങ്ങളോളം ക്രിസ്ത്യാനികളായി ജീവിച്ചവരും ഉൾപ്പെടുന്നു. ഞാൻ ഇപ്രകാരം ചിന്തിക്കുമ്പോൾ രണ്ടു നിർദ്ദേശങ്ങൾ സഹായകരമാകും.

*അടിസ്ഥാന കാര്യങ്ങളിലേക്ക് തിരിച്ചു വരിക.* ഞാൻ എന്റെ വ്യക്തിത്വത്തെ വീണ്ടും ഉറപ്പിക്കണം: ഞാൻ ദൈവമകൻ ആണ്. ദൈവം ക്രിസ്തു മുഖാന്തരം എന്നെ അവന്റെ മകൻ ആക്കി. ഞാൻ അങ്ങനെ ആകുവാനാണ് അവൻ ആഗ്രഹിക്കുന്നത്. അടുത്തതായി, ഞാൻ "ക്രിസ്തുവിൽ" ആണ് എന്ന കാര്യം വീണ്ടും ഉറപ്പിക്കണം. ഗലാത്യർ 3:26, 27 പറയുന്നു, "ക്രിസ്തുയേശുവിലെ വിശ്വാസത്താൽ നിങ്ങൾ എല്ലാവരും ദൈവത്തിന്റെ മക്കൾ ആകുന്നു. ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റിരിക്കുന്ന നിങ്ങൾ എല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു." അതാണ് അടിസ്ഥാനം. വിശ്വാസത്തെ ആസ്പദമാക്കി ക്രിസ്തുവിനോടു ചേരുവാൻ ഞാൻ സ്നാനമേറ്റാൽ, പിന്നെ ഞാൻ ക്രിസ്തു*വിൽ* ആയി. ക്രിസ്തുവിൽ, എല്ലാ ആത്മിയാനുഗ്രഹങ്ങളും അങ്ങനെ എന്റേതായി തീരും!

*അടിസ്ഥാനങ്ങൾ ഉപയോഗിക്കുക.* എനിക്കു എന്നോടു തന്നെ നിരുത്സാഹം തോന്നുമ്പോൾ, അടിസ്ഥാനപരമായ കാര്യങ്ങളെ ഉപേക്ഷിക്കുവാൻ പലപ്പോഴും അത് ഇടയാക്കും. ഫ്ളോറിഡയിലെ ആ "സാധു" സ്ത്രീയെ പോലെ, എന്റെ സമ്പാദ്യങ്ങളെ ഞാൻ ഉപയോഗിച്ചിട്ടില്ല എന്നു കാണാം. അതു ആത്മിയ ദാരിദ്ര്യത്തിലേക്കു നമ്മെ നയിക്കും. അടിസ്ഥാന കാര്യങ്ങളിൽ ഉൾപ്പെടുന്നത് (1) ദൈവ വചനം - പഠിക്കുന്നത്, മനപ്പാഠം ആക്കുന്നത്, അതിനെ ധ്യാനിക്കുന്നത്; (2) പ്രാർത്ഥന - ദൈവത്തോട് നിരന്തരമായി ആശയ വിനിമയം നടത്തൽ; (3) സേവനം - രാജ്യവേലയിൽ വ്യക്തിപരമായി പങ്കു ചേരൽ; കൂടാതെ (4) കൂട്ടായ്മ - സഹ ക്രിസ്ത്യാനിയുമായി ജീവിതം പങ്കിടൽ.

അതെ, നിങ്ങളും ഞാനും സമയാസമയങ്ങളിൽ നാം ആരാണെന്നു ഓർമ്മിക്കേണ്ടതു ആവശ്യമാണ്. നാം നിരുത്സാഹപ്പെടുമ്പോൾ, നാം ആരാണ് വാസ്തവത്തിൽ എന്നു വീണ്ടും ഉറപ്പിക്കുന്ന 1:3–14 വരെ ഉപയോഗിക്കുക. നിങ്ങൾ അതു ഇപ്പോൾ തന്നെ ചെയ്യുമോ? നിങ്ങൾ ആരാണെന്നു ഓർമ്മിക്കുക. നിങ്ങൾ നിങ്ങളോടു തന്നെ പറയുക, "ഞാൻ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവനാണ്. ഞാൻ അവന്റെ മുൻപിൽ വിശുദ്ധനും നിഷ്ക്കളങ്കനും ആണ്. ഞാൻ ക്ഷമിക്കപ്പെട്ടവനാണ്. ഞാൻ ക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ടവനാണ്. എനിക്കു പരിശുദ്ധാത്മാവിനെ നല്കിയിട്ടുണ്ട്. ഞാൻ *ക്രിസ്തുവിൽ* ആയതുകൊണ്ട്, എനിക്ക് നിത്യജീവന്റെ അവകാശം ഉറപ്പാക്കിയിട്ടുണ്ട്!"

**ഉപസംഹാരം**

അമേരിക്കയിലെ ഏറ്റവും ലുബ്ധയായ സ്ത്രീയായിരുന്നു ഹെറ്റിഗ്രീൻ. 1916–ൽ അവൾ മരിച്ചപ്പോൾ, $100 മില്യൻ വിലയുള്ള ഒരു തോട്ടം അവൾക്കുണ്ടായിരുന്നു; എങ്കിലും തന്റെ സ്വത്തുക്കൾ അവൾ ഉപയോഗിച്ചിരുന്നില്ല. ചൂടാക്കുവാൻ ഇന്ധനച്ചെലവു ഒഴിവാക്കുവാൻ അവൾ തണുത്ത ഓട്ട്മീലാണ് പ്രഭാത ഭക്ഷണമായി കഴിച്ചിരുന്നത്. അവളുടെ സ്വന്തം മകന്റെ കാലിനു ഒരു മുറിവുണ്ടായപ്പോൾ, അവൾ സൗജന്യമായി ചികിത്സിക്കുന്ന ആശുപത്രി നോക്കി നടന്നു. ഒടുവിൽ ആ കുട്ടിയുടെ കാൽ തന്നെ നഷ്ടമായി. ഹെറ്റി തന്റെ ജീവിതം മൗഢ്യമായിട്ടായിരുന്നു നയിച്ചത്. അവളുടെ ലുബ്ധ സ്വഭാവരീതി തന്റെ സമ്പാദ്യങ്ങൾ നല്ല ഉപയോഗത്തിനു ചെലവഴിക്കുവാൻ അവളെ അനുവദിച്ചില്ല.[6]

ദൈവം ക്രിസ്തുവിൽ നമുക്കു തരുന്ന വാഗ്ദാനങ്ങളെ മറി കടന്നു നാം അവ ഉപയോഗിക്കാതെ നഷ്ടമാക്കുന്നത് എത്ര ബുദ്ധിശൂന്യമാണ്! നമുക്ക് എല്ലാ ആത്മിയാനുഗ്രഹങ്ങളും ക്രിസ്തുവിൽ നല്കുവാൻ ദൈവം ആഗ്രഹിക്കുന്നു. അവന്റെ വാഗ്ദാനങ്ങളെ വിട്ടകന്നു പോകരുത്.

---

കുറിപ്പുകൾ

[1]ചാൾസ് ആർ. സ്വിന്റൽ, *ഇംപ്രൂവിങ്ങ് യുവെർസെൽഫ്: ദ ആർട്ട് ഓഫ് അൺസെൽഫിഷ് ലിവിങ്* (വാക്കോ, ടെക്സ്.: വേഡ് ബുക്ക്സ്, 1981), 49–50. [2]"തിരഞ്ഞെടുക്കുക" എന്നതിന്റെ ഗ്രീക്ക് വാക്ക് *എക്ലേഗോ* എന്നാണ്. അതിന്റെ അർത്ഥം "തിരഞ്ഞു പുറത്തെടുക്കുക, തിരഞ്ഞെടുക്കുക" എന്നാണ്. ദൈവം തനിക്കുവേണ്ടി ചിലതു ചെയ്തു എന്നാണ് മദ്ധ്യ ശബ്ദം സൂചിപ്പിക്കുന്നത്. [3]ഡബ്ലിയു. ഫിലിപ്പ് കെല്ലർ, *റബ്ബോനി ... അതു യജമാനനെ പറയുന്നതാണ്* (ഓൾഡ് ടപ്പാൻ, എൻ.ജെ.: ഫ്ളെമിങ്ങ് എച്ച്. റെവെൽ കമ്പനി., 1977), 17–18. [4]സി.എസ്. ലൂയിസ്, ക്വോട്ടഡ് ഇൻ മാക്സ് ആന്റേഴ്സ്, *ദ ഗുഡ് ലൈഫ്: ലിവിങ്ങ് വിത്ത് മീനിങ്ങ് ഇൻ ഏ "നെവെർ – ഇനഫ്" വേൾഡ്* (ഡള്ളാസ്: വേഡ് പബ്ലിഷിങ്, 1993), 17. [5]നോക്കുക എഡി ക്ലോയെർ, അപ്പെന്റിക്സ് 3: "ദ 'ഇൻ ക്രൈസ്റ്റ്' ഫ്രെയിസ്," *ഗോഡ്സ് ഡിസൈൻ ഫോർ "ദ ചർച്ച്"* (സിയേഴ്സി, ആർക്ക്.: റിസോഴ്സ് പബ്ലിക്കേഷൻസ്, 1993), 211–32. [6]ജോൺ മാക് ആർദർ, ജൂനിയർ., *എഫെഷ്യൻസ്*, ദ മാക് ആർദർ ന്യൂ ടെസ്റ്റമെന്റ് കമെന്ററി (ഷിക്കാഗോ, Ill.: മൂഡി പ്രെസ്, 1986), vii.